## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.23 — 11.6.2012 - ലെ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടിയുടെ നേട്ടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സർക്കാരിന്റെ ജനസമ്പർക്ക പരിപാടിയുടെ നേട്ടങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (എ) ജനസമ്പർക്ക പരിപാടിയിലൂടെ പൊതുജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും സമയബന്ധിതമായി വളരെയധികം പരാതികൾ തീർപ്പാക്കുന്നതിനും കഴിഞ്ഞു. ഇതിലൂടെ സംസ്ഥാനത്ത് ഒട്ടാകെ, 5 ലക്ഷത്തിലധികം പരാതികൾ ലഭിച്ചതിൽ 30.4.2012 വരെ 3,63,464 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ടി പരാതികളുടെ അന്തസ്സത്ത ഉൾക്കൊണ്ട് സങ്കീർണ്ണമായ വിവിധ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ വേണ്ട ഭേദഗതി വരുത്തുകയും ജനക്ഷേമപരമായ മറ്റ് നടപ്ടികൾ സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. |

---2

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും, ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ചുകൊണ്ടും, സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ വർഷവും സർട്ടിഫിക്കറ്റും പാസ്സും പുതുക്കുന്ന രീതി അവസാനിപ്പിക്കുവാനും ഇതിലേക്കായി ഒറ്റപ്രാവശ്യം പാസ്സ് നൽകിയാൽ മതിയെന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകികൊണ്ടും, സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രത്യേക ടോയിലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ടും, നാഷണൽ ബെനഫിറ്റ് സ്കീം അനുസരിച്ച് ലഭ്യമായിട്ടുള്ള മുഴുവൻ അപേക്ഷകളിലും അടിയന്തിരമായി തീരുമാനം എടുക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും, കെട്ടിട

---3

നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീറ്റർ വരെയുള്ള വീടുകൾക്ക് താല്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നൽകിക്കൊണ്ടും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 1.1.1993 മുതൽ 31.5.2012 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകിക്കൊണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്ര ഭവന നിർമ്മാണ പുനരധിവാസ പദ്ധതിക്ക് രൂപം നൽകുന്നതിനായി മന്ത്രിസഭ ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ നിന്നും റീസർവ്വെ, ബി.പി.എൽ.കാർഡ് വീടു വയ്ക്കുന്നതിന് ധനസഹായം എന്നിവ സംബന്ധിച്ച പരാതികളാണ് പ്രധാനമായും ഇനി അവശേഷിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ റീസർവ്വെ സംബന്ധിച്ച പരാതികളിന്മേൽ അടിയന്തിര തീർപ്പു കല്പിക്കുന്നതിനായി വില്ലേജ് തലത്തിൽ പ്രത്യേകമായി സർവ്വെ അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളാൻ റവന്യു വകുപ്പിനും, ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടിയും/വീടു വയ്ക്കുന്നതിന് ധനസഹായം നൽകാനുള്ള കാര്യത്തിലും അർഹരായവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഊർജ്ജിത നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

---4

| | |
|---|---|
| (ബി) പ്രസ്തുത പരിപാടി എല്ലാ വർഷവും നടത്തുന്നതിനും മാസാമാസങ്ങളിൽ അവലോകനം ചെയ്ത്, പൊതുജനങ്ങൾക്ക് കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) പരിശോധിക്കാവുന്നതാണ്. |
| (സി) സമാനമായ പരിപാടി ത്രിതല പഞ്ചായത്തിൽ ആറ് മാസത്തിൽ ഒരിക്കൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.